DESPATCHED
On 05/03/2020

14/1/2020

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 183(7)/2014**/എസ്.ഐ.സി.
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം. 1001/എസ്.ഐ.സി–ജി 6/14

സന്നിഹിതൻ
ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

| | |
|---|---|
| ശ്രീ. എടവത്ത് വിജയൻ<br>വിളയാട്ടൂർ ഇരിങ്ങത്ത് പി.ഒ,<br>പയ്യോളി–673523 | പരാതി ഹർജിക്കാരൻ |

Vs

| | |
|---|---|
| 1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ<br>മേപ്പയ്യൂർ ഗ്രാമപഞ്ചായത്ത്<br>കോഴിക്കോട് ജില്ല<br>2. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ ആന്റ്<br>ബ്ളോക്ക് ഡവലപ്പ്മെന്റ് ഓഫീസർ<br>മേലടി ബ്ളോക്ക് പഞ്ചായത്ത്<br>കോഴിക്കോട് ജില്ല<br>3. അപ്പീൽ അധികാരി ആന്റ്<br>ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത് കോഴിക്കോട്<br>സിവിൽ സ്റ്റേഷൻ പി.ഒ | എതിർകക്ഷികൾ |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ ശരിയായ വിവരം ലഭ്യമാക്കിയില്ല എന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും മറ്റുമാണ്.



res

2. എസ്.പി.ഐ.ഒ. സമർപ്പിച്ച റിപ്പോർട്ടിന്മേൽ അഭിപ്രായം തേടുന്നതിനായി കമ്മീഷൻ 07.11.2019 ന് കളക്ടറേറ്റ് കോഴിക്കോട് വച്ചു നടത്തിയ വീഡീയോ കോൺഫറൻസിൽ ഹാജരാകുവാൻ ഇരുകക്ഷികൾക്കും നോട്ടീസ് നൽകുകയും ഇരുകക്ഷികളും ഹാജരാകുകയും മൊഴി രേഖപ്പെടുത്തുകയും ചെയ്തു. ആയതിൽ ഹർജിക്കാൻ വിവരാവകാശ അപേക്ഷ പ്രകാരം ആവശ്യപ്പെട്ടിരുന്ന ഒന്നാമത്തെ ചോദ്യത്തിന് മറുപടിയായി നൽകിയെന്ന് എസ്.പി.ഐ.ഒ പറയുന്ന രേഖകൾ, നാളിതുവരെ ഹർജിക്കാരന് ലഭിച്ചില്ലെന്ന് ബോധ്യപ്പെട്ട കമ്മീഷൻ ആയത് സൗജന്യമായി ഹർജിക്കാറന് നൽകണമെന്നും, മറുപടിയിലെ 2-മത്തെ ചോദ്യത്തിന് മേലടി ബ്ളോക്ക് ഓഫീസിൽ നിന്നുമാണ് വിവരം നൽകേണ്ടതായതിനാൽ സെക്ഷൻ 6(3) പ്രകാരം കൈമാറി നൽകിയത് 04.11.2014-ന് മറുപടി നൽകിയെന്നു റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത് അപേക്ഷകന് ലഭിച്ചിരുന്നോ എന്നു ഉറപ്പു വരുത്തണമെന്നും, ടി വിവരങ്ങൾ നൽകിയ ശേഷം കമ്മീഷനിൽ റിപ്പോർട്ട് സമർപ്പിക്കാനും എസ്.പി.ഐ.ഒയോട് കമ്മീഷൻ നിർദ്ദേശിച്ചു.

3. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 ജനുവരി 14-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM



res